ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

dtekerala@gmail.com
0471 2561307

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം - ജീവനക്കാര്യം (ഗ്രഡേഷൻ) - ഈ വകുപ്പിന് കീഴിൽ 31.12.2012 വരെ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ / ഡെമോൺസ്ട്രേറ്റർ / ഇൻസ്ട്രക്ടർ ഗ്രേഡ് II / ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II തസ്തികകളിൽ നിയമനം ലഭിച്ചതും പോളിടെക്നിക് കോളേജുകളിലെയും സർക്കാർ ടെക്നിക്കൽ ഹൈസ്കൂളുകളിലെയും വർക്ക്ഷോപ്പ് ഫോർമാൻ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റത്തിന് യോഗ്യരാവരുമായ ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

---

**ജീവനക്കാര്യം (ജി) വിഭാഗം**

**നം. DTETVM/3637/2025-EG3 (EG)** **തിരുവനന്തപുരം, തീയതി** : 27-10-2025

---

വായന :-
1. സർക്കുലർ നമ്പർ EG3/32393/14/DTE (i) തീയതി 27.09.2014.
2. സർക്കുലർ നമ്പർ EG3/32393/14/DTE (ii) തീയതി 27.09.2014.
3. വാരപ്പെട്ടി സർക്കാർ ടെക്നിക്കൽ സ്കൂൾ സുപ്രണ്ടിൻറെ 01.04.2025 ലെ എ/264/2025 നമ്പർ കത്ത്.
4 . ഈ കാര്യാലയത്തിൽ നിന്നുള്ള ഇ.ബി 2/7301/17/ഡി.ടി.ഇ തീയതി, 08.06.2017 നമ്പർ ഉത്തരവ്.

**ഉത്തരവ്**

ഈ വകുപ്പിന് കീഴിൽ 31.12.2012 വരെ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ / ഡെമോൺസ്ട്രേറ്റർ / ഇൻസട്രക്ടർ ഗ്രേഡ് II / ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II തസ്തികകളിൽ നിയമനം ലഭിച്ചതും സർക്കാർ ടെക്നിക്കൽ ഹൈസ്കൂളുകളിലെയും സർക്കാർ പോളിടെക്നിക് കോളേജുകളിലെയും വർക്ക്ഷോപ്പ് ഫോർമാൻ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റത്തിന് യോഗ്യരായവരുമായ ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റുകൾ വായന സർക്കുലറുകൾ പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു.

വാരപ്പെട്ടി സർക്കാർ ടെക്നിക്കൽ സ്കൂളിൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. മുഹയുദ്ദീൻകുട്ടി. യു. എസ് എന്ന ജീവനക്കാരൻ, തൻറെ പേര് പ്രസ്തുത ലിസ്റ്റുകളിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച നിവേദനം വായന 3 കത്ത് പ്രകാരം സൂപ്രണ്ട് അയച്ചുനൽകിയിട്ടുണ്ട്. ശ്രീ. മുഹയുദ്ദീൻകുട്ടി. യു. എസ്, ട്രേഡ്സ് മാൻ (ഫിറ്റിംഗ്) തസ്തികയിൽ ജോലി നോക്കവേ, ഈ കാര്യാലയത്തിൽ നിന്നുള്ള 04-11-2008 ലെ ഇ.ബി 3/40108/2008 നമ്പർ ഉത്തരവ് പ്രകാരം 21.10.2008 പ്രാബല്യത്തിൽ സേവനത്തിൽ നിന്നും സസ്പെൻറ് ചെയ്യപ്പെട്ടിരുന്നു. സഃ ഉഃ(ആർ. ടി) 722/2016/ഉ.വി.വ. തീയതി. 14.03.2016 സർക്കാർ ഉത്തരവ് പ്രകാരം 26.03.2016 പ്രാബല്യത്തിൽ ടിയാൻ സേവനത്തിൽ തിരികെ പ്രവേശിക്കുകയും ചെയ്തു. തുടർന്ന് ടിയാൻറെ സസ്പെൻഷൻ കാലയളവ് (21-10-2008 മുതൽ 13.03.2016 വരെ) എല്ലാ അർത്ഥത്തിലും ഡ്യൂട്ടിയായ് പരിഗണിക്കുവാനും, എല്ലാവിധ ആനുകൂല്യങ്ങളും ശമ്പളവും നൽകുവാനും നിർദ്ദേശിച്ചുകൊണ്ട് സഃ ഉഃ(ആർ. ടി) 329/2017/ഉ.വി.വ. തീയതി. 21.02.2017.പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ, ശ്രീ. മുഹയുദ്ദീൻകുട്ടിക്ക് ഇക്കാര്യത്തിലുള്ള കോടതി വിധിയുടേയും തുടർന്നുള്ള സർക്കാർ ഉത്തരവിൻറെയും അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് (പാർട്ട് 11) ചട്ടം 8 പ്രകാരം, ഈ കാര്യാലയത്തിൽ നിന്നുള്ള വായന 4 ഉത്തരവ് പ്രകാരം ആനുകൂല്യങ്ങൾ അനുവദിച്ചു നൽകികൊണ്ട് ഉത്തരവായിരുന്നു.

വായന 4 ഉത്തരവിൽ, **28.09.2011** - ന് പുറപ്പെടുവിച്ച ഈ കാര്യാലയത്തിൽ നിന്നുള്ള ഇ.ബി4 /**30676** /**2010** - നമ്പർ ഉത്തരവിൽ **10** -ാമതായി പരാമർശിക്കുന്ന ശ്രീ. പ്രദീപ്. ഇ. ആർ -ന് തൊട്ട് മുൻപിലായി ശ്രീ. മുഹയുദ്ദീൻകുട്ടി വർക്ഷോപ്പ് ഇൻസ്ട്രക്ടർ (മെക്കാനിക്കൽ) ആയി തസ്തിക മാറ്റത്തിന് അർഹനാണ െന്നും, **28.09.2011** തീയതി മുൻ കാല പ്രാബല്യത്തിൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് **II** തസ്തികയിൽ സ്ഥാന ക്കയറ്റം നൽകി ഉത്തരവായതായും വ്യക്തമാക്കുന്നു.

ടിയാൻറെ നിയമന വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും, വായന **4** ഉത്തരവ് പ്രകാരം **28.09.2011** തീയതി മുൻ കാല പ്രാബല്യത്തിൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് **II** തസ്തികയിൽ സ്ഥാനക്കയറ്റം ലഭിക്കുകയും, ശ്രീ. മുഹയുദ്ദീൻകുട്ടി യു എസ്, **28.9.2013** പൂർവ്വാഹ്നം തീയതി പ്രാബല്യത്തിൽ വർക്ക് ഷോപ്പ് ഇൻസ്ട്രക്ടർ ഗ്രേഡ് **II** (മെക്കാനിക്കൽ) തസ്തികയിൽ നിരീക്ഷണകാലം പൂർത്തീകരിച്ചിട്ടുണ്ടെന്നും അതുകൊണ്ട് തന്നെ ടിയാൻ മേൽപ്പറഞ്ഞ അന്തിമ സീനിയോറിറ്റി ലിസ്റ്റുകളിൽ ഉൾപ്പെടുവാൻ യോഗ്യനാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ശ്രീ മുഹയുദ്ധീൻകുട്ടി യു എസ് എന്ന ജീവനക്കാരനെ, വായന **(1)** സർക്കുലർ പ്രകാരം പ്രസിദ്ധീകരിച്ച ഈ വകുപ്പിൽ **31.12.2012** വരെ വിവിധ ബ്രാഞ്ചുകളിൽ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ / ഡെമോൺസ്ട്രേറ്റർ / ഇൻസ്ട്രക്ടർ ഗ്രേഡ് **II** / ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് **II** തസ്തികയിൽ നിയമനം ലഭിച്ചതും സർക്കാർ ടെക്നിക്കൽ ഹൈസ്കൂളുകളിലെ വർക്ക്ഷോപ്പ് ഫോർമാൻ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റത്തിന് യോഗ്യരായവരുമായ ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ക്രമനമ്പർ **659** ൽ സ്ഥാനം ക്രമീകരിച്ചിട്ടുള്ള ശ്രീ മനോജ് കെ എൻ എന്ന ജീവനക്കാരനും ക്രമനമ്പർ **660** ൽ സ്ഥാനം ക്രമീകരിച്ചിട്ടുള്ള ശ്രീ പ്രദീപ് ഇ ആർ എന്ന ജീവനക്കാരനും മധ്യത്തിലായി ക്രമനമ്പർ **659 (A)** എന്ന സ്ഥാനത്തും, വായന **(2)** സർക്കുലർ പ്രകാരം പ്രസിദ്ധീകരിച്ച ഈ വകുപ്പിൽ **31.12.2012** വരെ മെക്കാനിക്കൽ എഞ്ചിനീയറിങ് ബ്രാഞ്ചിൽ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ / ഡെമോൺസ്ട്രേറ്റർ / ഇൻസ്ട്രക്ടർ ഗ്രേഡ് **II** / ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് **II** തസ്തികയിൽ നിയമനം ലഭിച്ചതും സർക്കാർ പോളിടെക്നിക് കോളേജിലെ വർക്ക്ഷോപ്പ് ഫോർമാൻ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റത്തിന് യോഗ്യരായവരുമായ ജീവനക്കാരുട െ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ക്രമനമ്പർ **293** ൽ സ്ഥാനം ക്രമീകരിച്ചിട്ടുള്ള ശ്രീ മനോജ് കെ എൻ എന്ന ജീവനക്കാരനും ക്രമനമ്പർ **294** ൽ സ്ഥാനം ക്രമീകരിച്ചിട്ടുള്ള ശ്രീ പ്രദീപ് ഇ ആർ എന്ന ജീവനക്കാരനും മധ്യത്തിലായി ക്രമനമ്പർ **293 (A)** എന്ന സ്ഥാനത്തും ക്രമീകരിച്ചുകൊണ്ട് പ്രസ്തുത അന്തിമ സീനിയ ോറിറ്റി ലിസ്റ്റുകൾ പരിഷ്കരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

മേൽപ്പറഞ്ഞ അന്തിമ സീനിയോറിറ്റി ലിസ്റ്റുകളിൽ ശ്രീ മുഹയുദ്ദീൻകുട്ടി യു എസ് എന്ന ജീവനക്കാരൻറെ സ്ഥാനം ചുവടെ പറയും പ്രകാരം ക്രമപ്പെടുത്തിയിട്ടുള്ളതും ഈ ഭേദഗതിയോടെ മേൽപ്പറഞ്ഞ അന്തിമ സീനിയോറിറ്റി ലിസ്റ്റുകൾ നിലനിൽക്കുന്നതുമായിരിക്കും.

| Final Seniority List of Workshop Instructor / Demonstrator / Instructor Gr. II / Draftsman Gr. II in various branches appointed upto 31.12.2012 and eligible for promotion as Workshop Foreman in Technical High Schools published vide Circular No. EG3/32393/14/DTE (i) dated 27.09.2014 | | | | | | | | |
|---|---|---|---|---|---|---|---|---|
| Sl. No. | Name | Desig-nation | Branch | Date of Birth | Date of Advice / Appoint-ment | Date of Joining | Date of declaration of probation | Remarks |
| 659 (A) | MUHAYUDEENKUTTY U S | Draftsman Gr II | Mechnaical | 30/05/1977 | Order No. EB2/7301/17/DTE dated 08.06.2017. | 28/09/2011 | 28/09/2013 | Addendum |

| Final Seniority List of Workshop Instructor / Demonstrator / Instructor Gr. II / Draftsman Gr. II in Mechanical Engineering appointed upto 31.12.2012 and eligible for promotion as Workshop Foreman in Polytechnic Colleges published vide Circular No. EG3/32393/14/DTE (ii) dated 27.09.2014 | | | | | | | | |
|---|---|---|---|---|---|---|---|---|
| Sl. No. | Name | Designation | Branch | Date of Birth | Date of Advice / Appoint-ment | Date of Joining | Date of declaration of probation | Remarks |
| 293 (A) | MUHAYUDEENKUTTY U S | Draftsman Gr II | Mechanical | 30/05/1977 | Order No. EB2/7301/17/DTE dated 08.06.2017. | 28/09/2011 | 28/09/2013 | Addendum |

**ANI ABRAHAM**

**SENIOR JOINT DIRECTOR (PS)**

Signed by
Ani Abraham
Date: 27-10-2025 16:36:05

പകർപ്പ്

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപന മേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം)
2. സീനിയർ സൂപ്രണ്ട്, EC സെക്ഷൻ.
3. സിസ്റ്റം അനലിസ്റ്റ്, ഡിടിഇ (പ്രസിദ്ധീകരണത്തിന്)